ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/05/2019

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2017-19

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs.40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs.10.00
5. സത്യാർത്ഥ പ്രകാശം നൽകുന്ന സന്ദേശം - കെ.എം.രാജൻ - Rs.10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs.20.00
7. വേദാന്തിധ്വാന്ത നിവാരണം - Rs.25.00
   മഹർഷിദയാനന്ദ സരസ്വതി തർജ്ജമ : കെ.എം.രാജൻ
8. ഉപദേശമഞ്ജരി അഥവാ പൂനാ പ്രവചനം - Rs.60.00
   മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs.25.00
   മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി - Rs.140.00
    ശ്രീ.മദൻ രഹേജ തർജ്ജമ : സുരി
11. വേദ പ്രകാശം പാഠാവലി -കെ.എം.രാജൻ - Rs.40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) - Rs.60.00
    കെ.എം.രാജൻ
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs.35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs.30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - Rs.40.00
    കെ.എം.രാജൻ
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs.35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - Rs.40.00
    കെ.എം.രാജൻ
    (പോസ്റ്റേജ് ചെലവ് പുറമെ)

### അച്ചടിയിലുള്ളവ

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക് തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ തർജ്ജമ: കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 7907077891, 9562529095*



ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)

വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 7 ലക്കം 10

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 ശുക്രമാസം – ശുചിമാസം
1194 എടവം – മിഥുനം 2019 മെയ്

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



## മഹാറാണാ പ്രതാപ് (1540 – 1597)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| മെയ് 7 | : | സി.വി.രാമൻ ജന്മദിനം |
| മെയ് 9 | : | മഹാറാണാ പ്രതാപ് ജന്മദിനം |
| മെയ് 11, 13 | : | പൊഖ്റാൻ അണുപരീക്ഷണ വാർഷികം (ഓപ്പറേഷൻ ശക്തി) |
| മെയ് 28 | : | വീര സാവർക്കർ ജയന്തി |

*"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"*

# വേദാദ്ധ്യയനം

(മുൻലക്കത്തിന്റെ തുടർച്ച)

മണ്ഡലം 1 സൂക്തം 9



മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ

**അസൃഗമിന്ദ്ര ത്വേ ഗിരഃ പ്രതി ത്വാ മുദഹാസത।**

**അജോഷാ വൃഷഭം പതിമ് ॥ (ഋഗ്വേദം 1.9.4)**

**പദാർത്ഥം :** (ഇന്ദ്രോ) അല്ലയോ പരമേശ്വര! ഏതൊരു (തേ) അങ്ങയുടെ (ഗിരഃ) വേദവാണിയാൽ (വൃഷഭമ്) എല്ലാവരിലും വെച്ച് ഉത്തമവും എല്ലാവരുടെയും ഇച്ഛ പൂർത്തീകരിക്കുന്നതുമായ (പതിമ്) എല്ലാവരേയും പരിപാലിക്കുന്ന(ത്വാമ്) വേദങ്ങളുടെ വക്താവായ അങ്ങ് (ഉദഹാസത) ഉത്തമതയോടുകൂടി അറിയുകയും ഈ വേദവാണിയെ അങ്ങ് (അജോഷാ:) സേവിക്കുകയും അതിൽ തന്നെ (പ്രതി) ഉക്തഗുണയുക്തനായ അങ്ങ് (അസൃഗമ്) അനേകം പ്രകാരത്തിൽ വർണ്ണിക്കുന്നു.

**ഭാവാർത്ഥം:** ഏതൊരു ഈശ്വരനാൽ പ്രകാശിപ്പിക്കപ്പെട്ട വേദങ്ങളാൽ എങ്ങനെയാണോ അങ്ങയുടെ സ്വഭാവ ഗുണകർമ്മങ്ങൾ പ്രകടമായത്, അതുപോലെ ഇത് മറ്റെല്ലാവർക്കും അറിയപ്പെടാൻ യോഗ്യമാണ്. എന്തെന്നാൽ ഈശ്വരന്റെ സത്യസ്വഭാവത്തോടൊപ്പം അനന്തഗുണങ്ങളും കർമ്മങ്ങളുമുണ്ട്. അവയെ അൽപ്പജ്ഞരായ നാം നമ്മുടെ സാമർത്ഥ്യത്താൽ അറിയുന്നില്ല. അതായത് നാം നമ്മുടെ സ്വഭാവ ഗുണ കർമ്മങ്ങളെ അറിയുന്നതു പോലെ മറ്റുള്ളവരെ യഥാവിധി അറിയുക കഠിനമാണ്. ഇപ്രകാരം പണ്ഡിതരായ മനുഷ്യർക്ക് വേദവാണിയില്ലാതെ ഈശ്വരൻ തുടങ്ങിയ പദാർത്ഥങ്ങളെ യഥാവിധി അറിയുക കഠിനമാണ്. അതിനാൽ പ്രയത്നം ചെയ്ത് വേദങ്ങളെ അറിഞ്ഞ് അതു വഴി എല്ലാ പദാർത്ഥങ്ങളിൽ നിന്നും പ്രയോജനം നേടി ഈശ്വരനെ തങ്ങളുടെ ഇഷ്ടദേവനും സംരക്ഷകനുമായി കരുതണം.

**(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്.**

**തർജ്ജമ : കെ.എം.രാജൻ)**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*

*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## അന്നദാനം മഹാദാനം



**പ്രിയ വേദ ബന്ധു,**

**നമസ്തേ,**

ആര്യസമാജത്തിന്റെ നേതൃത്വത്തിൽ സാംഗോപാംഗം വേദപഠനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു ധർമ്മസ്ഥാപനമാണ് കാറൽമണ്ണ വേദഗുരുകുലം. ഇവിടെ വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ ജിജ്ഞാസസുക്കളും യോഗ്യരുമായ വിദ്യാർത്ഥികൾക്ക് ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്, ജ്യോതിഷം തുടങ്ങിയ വേദാംഗങ്ങൾ, ഉപവേദങ്ങൾ, ദർശനങ്ങൾ ഉപനിഷത്തുകൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഇതിഹാസങ്ങൾ, മഹർഷിദയാനന്ദ സരസ്വതിയുടെ ഗ്രന്ഥങ്ങൾ എന്നിവയ്ക്കു പുറമെ ബിരുദ-ബിരുദാനന്തരതലം വരെയുള്ള ആധുനികവിദ്യാഭ്യാസവും നൽകുന്നു. താമസവും ഭക്ഷണവും പഠനവുമെല്ലാം സൗജന്യമാണ്. വൈദികധർമ്മത്തെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും കഴിവും ധർമ്മബോധവുമുള്ള പുതിയ ഒരു തലമുറയെ വാർത്തെടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യലക്ഷ്യം. ഒരു ഗോശാലയും ഇവിടെ പ്രവർത്തിക്കുന്നു്.

ധർമ്മബോധമുള്ള സജ്ജനങ്ങളുടെ സഹായസഹകരണങ്ങളാലാണ് ഗുരുകുലത്തിലെ ദൈനംദിന ചെലവുകൾ നടന്നു പോരുന്നത്. നമ്മുടെ വീടുകളിൽ നടക്കുന്ന വിവാഹം, പിറന്നാൾ, ചോറൂൺ, ഗൃഹപ്രവേശം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയ വിശേഷാവസരങ്ങളിൽ ഗുരുകുലത്തിൽ അന്നദാനവും വിശേഷ യജ്ഞവും നടത്താവുന്നതാണ്. 'ശതഹസ്ത സമാഹര സഹസ്രഹസ്ത സംകിര' (അഥർവ്വവേദം 3.2.4.5) എന്ന് വേദം പറയുന്നു. നൂറു കൈകളാൽ സമ്പാദിച്ച് ആയിരം കൈകളാൽ വിതരണം ചെയ്യു എന്നർത്ഥം.

സംഭാവനകൾ അയക്കേ വിലാസം:

**വേദഗുരുകുലം, പണ്ഡിറ്റ് ഗുരുദത്ത് ഭവനം, കാറൽമണ്ണ തപാൽ, പാലക്കാട്-679506**

**Our Bank details:**
**Account Name: VEDA GURUKULAM, SB A/C No: 4264000100086562**
**PUNJAB NATIONAL BANK, CHERPALCHERY BRANCH, IFSC CODE: PUNB0426400**

*ഛിദ്രം വ്രണ (യജുർവ്വേദം 12.54)*

*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർദളം - ബാലപംക്തി**

**ആര്യവീരഗാഥ - 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**ഡേ**രാ ഇസ്മയിൽ ഖാൻ നഗരത്തിൽ ഒരു ഷേഖ് യൂസഫിന്റെ കബറിടമുണ്ട്. അവിടെ അനേകം ഹിന്ദുക്കൾ തങ്ങളുടെ മനോകാമനകൾ സാധിക്കാനാകും എന്നുകരുതി പ്രാർത്ഥിക്കാനെത്തുമായിരുന്നു. ആ കബറിടത്തിനടുത്ത് താമസിക്കുന്ന മൗലവി ആദ്യം മുഖത്ത് തുപ്പും. പിന്നീട് ചെരിപ്പു കൊണ്ടടിക്കും. ഒരിക്കൽ ഡേരയിലെ ഏതാനും ഹിന്ദുക്കൾ എന്തുകൊണ്ടാണ് ഈ മൗലവി തുപ്പുകയും അടിക്കുകയും ചെയ്യുന്നത് എന്ന് ലേഖ്റാമിനോട് ചോദിച്ചു. അദ്ദേഹം ഇങ്ങനെ എഴുതുന്നു "നിങ്ങൾ പരബ്രഹ്മമായ പരമാത്മാവിനെ വിട്ട് ഈ കബറിടത്തിൽ തലകുമ്പിടുന്നതുകൊണ്ട്. തുപ്പൽ പെട്ടെന്ന് ഉണങ്ങും. എന്നാൽ ചെരിപ്പു കൊണ്ടുള്ള അടി പെട്ടെന്ന് മിറക്കില്ല. അതിനാലാണിങ്ങനെ ചെയ്യുന്നത്."

## ലേഖ്റാമിന്റെ സവിശേഷമായ ദിനചര്യ

പണ്ഡിറ്റ് ലേഖ്റാമിന്റെ ശിഷ്യനായിരുന്ന മാസ്റ്റർ ആത്മാറാം ലേഖ്റാമിന്റെ ദിനചര്യയുമായി ബന്ധപ്പെട്ട വിഷയത്തിൽ പറയുന്നത് തന്റെ അന്ത്യശ്വാസം വരെ ലേഖ്റാം ശൗചാലയം ഉപയോഗിച്ചിരുന്നില്ല എന്നാണ്. മനുഷ്യരാരും (തോട്ടികൾ) തന്റെ മലമൂത്രങ്ങൾ തലയിലേറ്റി കൊണ്ടുപോകുന്നത് അദ്ദേഹത്തിന് ഇഷ്ടമായിരുന്നില്ല. പണ്ഡിറ്റ് ലേഖ്റാം എവിടെയെല്ലാം പോകുന്നുവോ അവിടത്തെ യുവാക്കളോട് ഗ്രാമത്തിനും നഗരത്തിനും പുറത്തുള്ള വനപ്രദേശത്ത് പോയി മലമൂത്ര വിസർജ്ജനം നടത്തി അതിന്റെ മുകളിൽ മണ്ണിട്ട് പോരണം എന്നുപദേശിക്കുമായിരുന്നു.

ഗാന്ധിജി അഹമ്മദാബാദ് കോൺഗ്രസ്സ് സമ്മേളനാവസരത്തിൽ ഇക്കാര്യത്തിനായി എണ്ണായിരം കുഴികൾ ഉണ്ടാക്കിയിരുന്നു. സർദാർ പട്ടേൽ തുടങ്ങിയ കാര്യകർത്താക്കളുടെ പ്രവർത്തനമാണ് ഈ സമ്മേളനത്തിന്റെ വിജയകാരണം.

മഹാത്മാ മുൻഷീറാം കാങ്ടി ഗുരുകുലത്തിൽ ഈ നിയമം ഉണ്ടാക്കിയിരുന്നു. മലമൂത്രവിസർജ്ജനത്തിന് വനത്തിലേക്കാണ് അവർ പോയിരുന്നത്. മലമൂത്ര വിസർജ്ജ്യങ്ങൾ എടുക്കാൻ തോട്ടികൾ അവിടെ വരുമായിരുന്നില്ല. ഈ മുന്നേറ്റങ്ങളുടെ തുടക്കം പണ്ഡിറ്റ് ലേഖ്റാമിൽ നിന്നായിരുന്നു.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 7 ലക്കം 10

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 ശുക്രമാസം - ശുചിമാസം
1194 എടവം - മിഥുനം 2019 മെയ്



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


വേദാദ്ധ്യയനം :
മുഖവാണി : 3
ഋഗ്വേദാദി ഭാഷ്യ ഭൂമിക : 5
മനുസ്മൃതി : 6
പുരാണങ്ങൾ:സത്യവും മിഥ്യയും : 7
ദ്രൗപദിയും പഞ്ചപതികളും : 8
ജീവിതം ഒരലയാഴി : 9
യോഗദർശനം : 10
തന്മേമനഃ ശിവസങ്കല്പമസ്തു: 11
വ്യവഹാര ഭാനുഃ : 12
വേദങ്ങളെ അറിയുക : 13
അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം : 14



**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് - 679 504**
**Ph:7907077891, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.aryasmajkerala.org.in**


## മുഖവാണി

### ആരാണ് ഈശ്വരൻ?

(തുടർച്ച)



**ഖു**റാൻ പറയുന്നത് അള്ളാഹു ആകാശത്താണ് സ്ഥിതി ചെയ്യുന്നത് എന്നാണ്. അദ്ദേഹത്തിന്റെ സിംഹാസനത്തിന്റെ നാലു പുറവും മാലാഖമാരുണ്ട്. അദ്ദേഹം സംസാരിക്കും. അധികാരികളെപ്പോലെ അദ്ദേഹത്തിന് ദൂതന്മാരുണ്ട്. സൈന്യവുമുണ്ട്. ഒരു പെൺ ഒട്ടകവുമുണ്ട്. ഇത്രയൊക്കെ വിശേഷണങ്ങൾ ഉള്ള അള്ളാഹു സർവ്വവ്യാപകനും സർവ്വജ്ഞനും നിരാകാരനും ആവുന്നതെങ്ങനെയാണ്?

വേദങ്ങൾ ഉദ്ഘോഷിക്കുന്നത് ഈശ്വരൻ സച്ചിദാനന്ദസ്വരൂപനും നിരാകാരനും സർവ്വാധാരനും അമരനും അനാദിയും നിത്യനും പവിത്രനും സൃഷ്ടികർത്താവുമൊക്കെയായാണ്. അദ്ദേഹം "അനുപമ"നാണ്. അതായത് ആരുമായും ഉപമിക്കാൻ പറ്റാത്തതാണ്. ഈശ്വരീയവാണിയായ വേദങ്ങൾ പ്രകീർത്തിക്കുന്നത് ന തസ്യ പ്രതിമാ

*അഗ്നിനാഗ്നിഃ സമിധ്യതേ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

അസ്തി (യജുർവ്വേദം 32.3). അദ്ദേഹത്തിന് പ്രതിമയില്ല. അതിനർത്ഥം ഈശ്വരന് സദൃശനായി ആരുമില്ലെന്നാണ്.

വൈദികധർമ്മം ഈശ്വരനെ പരമേശ്വരനായി കാണുന്നു. മനുഷ്യർ വേറൊരു സത്തയാണ്. ഈ ആത്മാവും അനാദിസത്തയാണ് ഈ ജഗത്ത് മിഥ്യയല്ല. പ്രകൃതിയിൽ നിന്നുണ്ടായ ഈ ജഗത് ഒരു സത്യമാണ്. പ്രവാഹത്താൽ അനാദിയാണ് സൃഷ്ടി. ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി എന്നിവ മൂന്നു വിഭിന്ന സത്തകളാണ്. മറ്റുമത മതാന്തരങ്ങളുമായി വൈദിക ധർമ്മത്തിനുള്ള മൗലികമായ വ്യത്യാസം ഈ കാഴ്ചപ്പാടുകളാണ്.

### ഈശ്വരീയ ജ്ഞാനം

വൈദിക വീക്ഷണമനുസരിച്ച് ഈശ്വരൻ ആദ്യസൃഷ്ടിയിൽ പവിത്രാത്മാക്കളായ നാലു ഋഷിമാരുടെ ഹൃദയത്തിൽ തന്റെ ജ്ഞാനമാകുന്ന വേദങ്ങളെ പ്രകാശിപ്പിച്ചു. ശതപഥബ്രാഹ്മണം 11.5.8.3 ലും ഋഗ്വേദം പത്താം മണ്ഡലം എഴുപത്തൊന്നാം സൂക്തം ഒന്നാം മന്ത്രത്തിലും (10.71.1) ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

മറ്റു മതമതാന്തരങ്ങൾ ഈശ്വരനെ ഏകദേശിയായിട്ടാണ് കരുതുന്നത്. ക്രിസ്ത്യാനികളും ഇസ്ലാം മതാനുയായികളും ദൈവം നാലാമത്തെയോ അഞ്ചാമത്തേയോ ആകാശത്തിലാണ് ഇരിക്കുന്നത് എന്ന് പറയുന്നു. ദൈവദൂതന്മാർ, ദൈവത്തിന്റെ സന്ദേശവാഹകർ തുടങ്ങിയ സങ്കൽപ്പങ്ങൾ ഉടലെടുക്കാൻ കാരണം ഈശ്വരൻ അങ്ങ് ദൂരെ എവിടെയൊ ഇരുന്ന് ലോകം ഭരിക്കുന്നവനാണ് എന്ന ഈ വിശ്വാസം മൂലമാണ്.

സൃഷ്ടിയുടെ ആരംഭത്തിൽ ഈശ്വരീയ ജ്ഞാനം ലഭിക്കുന്നു എന്ന വസ്തുത പലർക്കും സംശയമുളവാക്കുന്നു. ഈശ്വരന്റെ ഒരു കർമ്മമാണ് സൃഷ്ടി. വേദം അദ്ദേഹത്തിന്റെ ജ്ഞാനവുമാണ്. ഈശ്വരീയ ജ്ഞാനത്തിന്റെ പ്രകാശനം ആദിസൃഷ്ടിയിൽ തീർച്ചയായും ഉണ്ടായേ തീരു. ആവശ്യകതയാണ് ആവിഷ്കാരത്തിന്റെ ജനനിയെന്നു പറയാറുണ്ട്. (Necessity is the mother of invention). ഇത് മനുഷ്യന്റെ നിയമമാണ്. എന്നാൽ സൃഷ്ടിനിയമം ഇതിനു വിപരീതമാണ്. ആവശ്യകത വരുന്നതിനു മുമ്പു തന്നെ ഈശ്വരൻ അതിനു വേണ്ടുന്ന സാമഗ്രികൾ ഒരുക്കുന്നു.

(തുടരും)

പത്രാധിപർ

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷിക വരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 2 — വേദവും ശൂദ്രനും

**പു**രുഷൻമാരേയും സ്ത്രീകളെയും ബന്ധപ്പെടുത്തിയിട്ടുള്ള ആലങ്കാരിക വർണ്ണന വേദങ്ങളിലുണ്ട്. പുരുഷൻ ദ്യൂലോകമാണെങ്കിൽ സ്ത്രീ പൃഥിവിയാണ്. രണ്ടുപേരുടെയും പരസ്പര സഹകരണത്താലാണ് സൗരയുഥമടങ്ങുന്ന ലോകമുണ്ടായത്. പുരുഷൻ സാമമാണെങ്കിൽ നാരി ഋഗ് ആണ് .രണ്ടുപേരുടെയും പരസ്പര സഹകരണത്താലാണ് സൃഷ്ടിയുടെ സാമഗാനം ഉണ്ടാവുന്നത്. പുരുഷൻ വീണയാണെങ്കിൽ സ്ത്രീ അതിലെ തന്ത്രികളാണ്. രണ്ടുപേരുടെയും പരസ്പര സഹകരണത്തോടേ മാത്രമെ ജീവിതത്തിന്റെ സംഗീത നാദം പരക്കുകയുള്ളു. പുരുഷൻ നദിയുടെ ഒരു തടമാണെങ്കിൽ നാരി മറ്റൊരുതടമാണ്. രണ്ടുപേരുടെയും പരസ്പര ഐക്യത്തിലൂടെ മാത്രമേ വൈയക്തികവും സാമാജികവുമായ വികാസത്തിന്റെ ധാര ഒഴുകുകയുള്ളു. പുരുഷൻ ദിനമാണെങ്കിൽ സ്ത്രീ രാത്രിയാണ്.പുരുഷൻ പ്രഭാതമാണെങ്കിൽ നാരി ഉഷസ്സാണ്. പുരുഷൻ മേഘമാണെങ്കിൽ നാരി വൈദ്യുതിയാണ്. പുരുഷൻ അഗ്നിയാണെങ്കിൽ നാരി ജ്വാലയാണ്. പുരുഷൻ ആദിത്യനെങ്കിൽ നാരി പ്രഭയാണ്. പുരുഷൻ വൃക്ഷമാണെങ്കിൽ നാരി വള്ളിയാണ്, പുരുഷൻ പുഷ്പമാണെങ്കിൽ നാരി അതിലെ ദളങ്ങളാണ് പുരുഷൻ ധർമ്മമാണെങ്കിൽ നാരി ധീരതയാണ്. പുരുഷൻ സത്യമാണെങ്കിൽ നാരി ശ്രദ്ധയാണ്. പുരുഷൻ കർമ്മമാണെങ്കിൽ നാരി വിദ്യയാണ്. പുരുഷൻ സത്യമാണെങ്കിൽ നാരി സേവനമാണ്. പുരുഷൻ സ്വാഭിമാനമാണെങ്കിൽ നാരി ക്ഷമയാണ്. രണ്ടുപേരുടെയും ഐക്യംകൊണ്ടേ പൂർണ്ണതയുണ്ടാവൂ. വിവാഹം ഈ കൂട്ടായ്മയുടെ ഒരു പ്രതീകമാണ്.

വേദങ്ങളിൽ നാരിക്ക് രണ്ടു ജൻമങ്ങളുള്ളതായി വർണ്ണിക്കുന്നു. ഒന്ന് ശരീരവും മറ്റേത് വിദ്യപ്രാപ്തിയും. വിദ്യാപ്രാപ്തി ജനനം മുതൽ മുന്നോട്ട് വിവാഹ വേദിവരെ എത്തിനിൽക്കുന്നു. അങ്ങനെ അവളുടെ കുലം, വ്രതം, യജ്ഞം മുതലായവ എല്ലാം മാറുന്നു. അവളുടെ നാമം, ജോലി, ബന്ധങ്ങൾ എന്നിവയും മാറുന്നു. അവൾക്ക് രണ്ടുകുലങ്ങൾ ഉണ്ടാവുന്നു.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ചോദ്യം : പോപ്പ് എന്നതിന്റെ അർത്ഥമെന്താണ് ?**

**ഉത്തരം** : ഇത് അന്യദേശത്തെ ഭാഷയിലുള്ളതാണ് പിതാവ്, ഉന്നതനായ വ്യക്തി എന്നൊക്കെയാണിതിനർത്ഥം എന്നാലിവിടെ ധൂർത്തിലൂടെ തൻകാര്യം നേടുന്നവൻ എന്നാണർത്ഥം.

**ചോദ്യം : വിദ്യപഠിച്ചിട്ടും ധാർമ്മികതയില്ലായെങ്കിൽ ആ വിദ്യക്ക് ഫലമുണ്ടാവുമോ ? ഇല്ലയോ ?**

**ഉത്തരം** : ഒരിക്കലുമില്ല. അനുഷ്യനെ ധാർമ്മികനാക്കുക എന്നതാണ് വിദ്യയുടെ ഫലം. ഒരാൾ വിദ്യാപ്രകാശത്താൽ നല്ലകാര്യങ്ങളെ അറിഞ്ഞ് ഉൾക്കൊള്ളാതെയും മോശം കാര്യങ്ങൾ ഉപേക്ഷിക്കാതേയും ആവുന്നുവെങ്കിൽ അയാൾ കള്ളനുതുല്ല്യമല്ലേ? മോഷണം മോശം കാര്യമാണെന്നറിഞ്ഞത് നല്ലതാണ് എന്നറിയുമെങ്കിലും അത് നിർത്താതിരിക്കുകയും കച്ചവടം ചെയ്യുന്നത് നല്ലതാണ് എന്നറിയുമെങ്കിലും അത് ചെയ്യാതിരിക്കുന്നതും പോലെ പഠിച്ചിട്ടും അധർമ്മം ഉപേക്ഷിക്കാതിരിക്കുകയും ധർമ്മം സ്വീകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ അയാളുടെ വിദ്യകൊണ്ട് ഫലമില്ല.

**ചോദ്യം : മോശംകാര്യമാണെന്നറിയാമെങ്കിലും ഏതെങ്കിലും പ്രത്യേക ഭയം കാരണം ആ മോശം കാര്യത്തെ വെടിയാതിരിക്കുകയും നൻമ ചെയ്യാൻ പറ്റാതേയും വരുന്ന പക്ഷം അയാൾക്ക് ദോഷമാണോ ഗുണമാണോ ഉണ്ടാകുന്നത്.?**

**ഉത്തരം** : ദോഷം മാത്രമേ വരൂ. എന്തെന്നാൽ അയാൾ അധർമ്മം ചെയ്തതിനാൽ അതിന്റെ ഫലം തീർച്ചയായും അനുഭവച്ചേ തീരൂ. കിണറ്റിൽ വീഴുന്നത് അപകടമാണെന്ന് അിറഞ്ഞിട്ടും അതിലേക്ക് ചാടുന്ന വ്യക്തി ദുഃഖമനുഭവിക്കാതിരിക്കില്ല. നല്ല മാർഗ്ഗത്തിൽ ചരിക്കുന്നത് നല്ലതാണെന്നറിയാമെങ്കിലും അങ്ങനെ ചെയ്യാതിരുന്നാൽ അയാൾക്ക് ഒരിക്കലും സുഖമുണ്ടാകില്ല. എങ്ങനെയെന്നാൽ –

**യഥാ മതിസ്തഥോക്തി ദ്യഥോക്തിസ്തഥാമതിഃ।**
**സത്പുരുഷസ്യ ലക്ഷണമതോ വിപരീതമസത് പുരുഷസ്യേതി ||**

(തുടരും)

> *തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
> *ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദാനാംനിത്യത്വ വിചാരഃ

**ത**ത്രൈഷ നിർണയഃ – യഥാ നേദാനീമന്യേഭ്യഃ പഠനേന വിനാ കശ്ചിദപിവിദ്വാൻ ഭവതി തസ്യ ജ്ഞാനോന്നതിശ്ച, തഥാ നൈവേശ്വരോപദേശാഗമനേന (ആഗമേന = പ്രാപ്ത്യാ|) വിനാ കസ്യാപി വിദ്യാജ്ഞാനോന്നതി (വിദ്യാ ച ജ്ഞാനോന്നതിശ്ചേതി ഇതരേതരയോഗേ 'വിദ്യാജ്ഞാനോന്നതി' പാഠേന ഭാവ്യമ്| സമാഹാരേ ച 'വിദ്യാജ്ഞാനോന്നതി' ഇതി നപുംസകത്വം ദ്രഷ്ടവ്യമ്| സമാഹാരേനപുംസകത്വാഭാവോ*f*പി ക്വചിദ് ദൃശ്യതെ യഥാ – ഊകാലോ*f*ജ്ഝ്രസ്വദീർഘപ്ലുതഃ (അഷ്ടാദ്ധ്യായി 1.2.27 ഇതി സൂത്രേ)ർ ഭവേത് അശിക്ഷിതബാലകവനസ്ഥവത്| (അത്ര അശിക്ഷിത ബാലകവനസ്ഥപുരുഷവത് ഇതി പാഠോ ജ്യായാന് പ്രതിഭാതി) യഥോപദേശമന്തരാ ന ബാലകാനാം വനസ്ഥാനാം ച വിദ്യാമനുഷ്യഭാഷാവിജ്ഞാനേ അപി (വൈ.യ.മുദ്രിതേഷു ഷഷ്ഠസംസ്കരണപര്യന്തം ശുദ്ധഃ പാഠ ഉപലഭ്യതെ| അഷ്ടമനവമയോസ്തുസംശോധക പ്രമാദാദജ്ഞാനാദ്വാ 'ഭാഷാവിജ്ഞാനേ'*f* പി ഇതി ദുഃസന്ധിരപപാഠഃ സമജായത) ഭവതഃ, പുനർവിദ്യോൽപത്തേസ്തു കാ കഥാ? തസ്മാദീശ്വരാദേവ യാ വേദവിദ്യാ *ff* ഗതാ, സ നിത്യൈവാസ്തി, തസ്യസത്യഗുണവത്വാത്|

യന്നിത്യം വസ്തു വർത്തതെ, തസ്യ നാമഗുണകർമാണ്യപി നിത്യാനി ഭവന്തി, തദാധാരസ്യ നിത്യത്വാത്| നൈവാധിഷ്ഠാനമന്തരാ നാമഗുണകർമാദയോ ഗുണാഃ (അത്ര 'ഗുണാഃ' പദം പ്രമാദപഠിതമിവ പ്രതീയതെ, നാമകർമണോർഗുണത്വാഭാവാത് തസ്മാത് കർമാദയഃ സ്ഥിതിം ഇതി ശുദ്ധഃ പാഠോ ജ്ഞേയഃ|) സ്ഥിതിമ് ലഭന്തെ, തേഷാം പരാശ്രിതത്വാത്| യന്നിത്യം നാസ്തി, ന തസ്യൈതാന്യപിനിത്യാനി ഭവന്തി നിത്യംചോൽപത്തിവിനാശാഭ്യാമിതരദ് ഭവിതു മർഹതി ഉൽപത്തിർഹി പൃഥഗ്ഭൂതാനാം ദ്രവ്യാണാം യാ ('യാ' പദം പ്രമാദപഠിതം സ്യാത്, അന്വയാഭാവാത് യദ്വാ ('യാ') സംയോഗവിശേഷാത് സംഹതിർഭവതി സോച്യതെ| ഇത്യേവം പാഠഃ കൽപ്പനീയഃ, യത്തദോർനിത്യസംബന്ധാത് ) സംയോഗ വിശേഷാദ് ഭവതി|

(തുടരും)

> *ഭദ്രാ രാതിഃ (സാമം 111)*
> *പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ.എം.രാജൻ

**ഈ** പ്രകാശത്തിന്റെ ഏറ്റവും വലിയ പ്രയോജനം മനുസ്മൃതിയുടെ വികൃതമാക്കപ്പെട്ട രൂപത്തെ മാറ്റി അവയിലെ യഥാർത്ഥ സ്വരൂപത്തെ അവതരിപ്പിക്കുക എന്നതാണ്. ഹിന്ദിയിലും സംസ്കൃതത്തിലുമുള്ള ഭാഷ്യത്തോടു കൂടിയ മനുസ്മൃതിയുടെ അനേകം പതിപ്പുകൾ വിപണിയിൽ ലഭ്യമാണിന്ന്. അനേകം നൂറ്റാണ്ടുകളായി മനുസ്മൃതിയെ അധികരിച്ച കൃതികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതുവരെ ഈ ദൃഷ്ടിയിലും രൂപത്തിലും ആരും ഭാഷ്യം രചിച്ചിട്ടില്ല.

മഹർഷി ദയാനന്ദന്റെ വചനങ്ങളിൽ നിന്നും പ്രേരണയും മാർഗ്ഗദർശനവും നേടി മനുസ്മൃതിയുടെ ഈ ഏറ്റവും കഠിനമായ കാര്യം ഏറ്റെടുത്ത് നിരവധി വർഷത്തെ പ്രയത്ന ഫലമായാണ് പ്രക്ഷിപ്ത ശ്ലോകങ്ങൾ ഒഴിവാക്കുന്ന ജോലി പൂർത്തിയായത്. എന്നാൽ ഗവേഷണാത്മകമായ ഈ കാര്യം പൂർണമായി എന്നു പറയാനാവില്ല. മനുസ്മൃതിയിൽ കടന്നുകൂടിയ ദൂഷിതവും വികൃതവുമായ മിക്കവാറും പ്രക്ഷിപ്തങ്ങൾ നീക്കം ചെയ്ത് ഈ ഗ്രന്ഥത്തിന്റെ ഉജ്ജ്വലവും യഥാർത്ഥവുമായ സ്വരൂപത്തെ പുറത്തു കൊണ്ടുവരാനായി എന്നു പറയാം.

പ്രക്ഷിപ്തങ്ങളെ കണ്ടെത്താനായി ഒരു മുൻവിധിയും പക്ഷപാത ഭാവനയും കൂടാതെ താഴെ പറയുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി. അവ സർവ്വമാന്യവും സാഹിത്യ ലക്ഷണവുമാണ്. അവ ഇവയാണ്.

1. അന്തർവിരോധം അഥവാ പരസ്പരവിരോധം
2. സന്ദർഭത്തിനു യോജിക്കാത്തവ (പ്രസംഗ വിരോധം)
3. വിഷയവിരോധവും പ്രകരണവിരോധവും
4. അവാന്തരവിരോധം
5. ശൈലീവിരോധം
6. പുനരുക്തിദോഷം
7. വേദവിരുദ്ധത

ഈ മാനദണ്ഡങ്ങൾ എല്ലാം കൃതിയുടെ ഉള്ളടക്കത്തെ അധികരിച്ചുള്ളതാണ്. മനുസ്മൃതിയിലെ ഇപ്പോൾ നിലവിലുള്ള എല്ലാ ശ്ലോകങ്ങളും യഥാസ്ഥാനത്ത് യഥാക്രമം നിലനിർത്തി എവിടെയെല്ലാമാണോ പ്രക്ഷിപ്തങ്ങൾ ഉള്ളത് അവിടെയെല്ലാം നേരത്തെ പറഞ്ഞ പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അനുശീലനം എന്ന പേരിലുള്ള വിശദീകരണം നൽകിയിട്ടുണ്ട്.

(തുടരും)

*സാ പ്രഥമാ സംസ്കൃതിർ വിശ്വവാരാ (യജുർവേദം 7.14)*
*നാം ഈ വിശ്വത്തിന്റെ പ്രഥമ സംസ്കൃതി വാഹകരാണ്*





(മുൻ ലക്കത്തിന്റെ തുടർച്ച)



# തൻമേ മനഃ ശിവസങ്കല്പമസ്തു

ഡോ.സത്യദേവ് ആര്യ
തർജ്ജമ: കെ.കെ.ജയൻ

**അ**തിൽ മനുഷ്യ യോനിയെ സർവ്വ ശ്രേഷ്ഠമെന്നു കൽപ്പിച്ച് ജീവാത്മാവിനെ ആ ശരീരമാകുന്ന സാമ്രാജ്യത്തിന്റെ സാമ്രാട്ടായി നിയോഗിച്ചു. ആ സാമ്രാജ്യത്തെ ആരാലും പരാജയപ്പെടുത്താൻ കഴിയാത്തത് എന്നർത്ഥമുള്ള അയോദ്ധ്യാപുരിയാക്കി. സ്വയം പ്രതിരോധശേഷിയും ക്ഷമതയും ശാരീരികവും ബൗദ്ധികവുമായ വിലക്ഷണത്തോടും കൂടി ശരീരത്തെ രൂപകല്പന ചെയ്ത് സാമ്രാജ്യത്തിന്റെ സുരക്ഷക്കായി ഒരു ഭരണവ്യവസ്ഥയും നിശ്ചയിച്ചു.

| ആത്മാവ് | സാമ്രാട്ട് |
|---|---|
| അന്തഃകരണം<br>1. പ്രജ്ഞാനം (ബുദ്ധി)<br>2. ചേതസ് | പാർലമെന്റ് |
| 3. മനസ്സ് | പ്രധാനമന്ത്രി |
| (ക) ദേവ മനസ്സ്<br>(ഖ) യക്ഷ മനസ്സ്<br>(ഗ) ധൃതി മനസ്സ്<br>(ഘ) പ്രത്യഗ്ഭാൻ മനസ്സ്<br>(ങ) വിശ്വഭാൻ മനസ്സ്<br>(ച) വശീകരണ മനസ്സ് | മന്ത്രി മണ്ഡലം |
| ബാഹ്യകരണം<br>1. ജ്ഞാനേന്ദ്രിങ്ങൾ (5)<br>2. കർമ്മന്ദ്രിയങ്ങൾ(5) | രാജ്യ കർമ്മാധികാരികൾ |
| നാലുവേദങ്ങൾ | ഭരണഘടന |

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

### യോഗാർത്ഥപ്രകാശം : –

**ഓം ശന്നോ മിത്ര: ശം വരുണഃ ശന്നോ ഭവത്വര്യമാ|**

**ശന്ന്f ഇന്ദ്രോ ബൃഹസ്പതിഃ ശന്നോ വിഷ്ണു രുരുക്രമഃ||**

(യജുർവ്വേദം 36.9, ഋഗ്വേദം 1.10.2009)

നമോ ബ്രഹ്മണേ നമസ്തേ വായോ ത്വമേവപ്രത്യക്ഷം ബ്രഹ്മാസി| ത്വാമേവപ്രത്യക്ഷം ബ്രഹ്മവദിഷ്യാമി, ഋതം വദിഷ്യാമി, സത്യം വദിഷ്യാമി| തൻമാമവതു തദ്വക്താരമവതു | അവതുമാവതു വക്താരം | ഓം ശാന്തി: ശാന്തി: ശാന്തി:|

**ഭാവാർത്ഥം:** പ്രീതിപ്പെടുത്താൻ യോഗ്യനായ മിത്ര സ്വരൂപനായ പരമേശ്വരൻ ഞങ്ങൾക്ക് മംഗളകാരിയാവട്ടെ. സർവ്വശ്രേഷ്ഠനായ പരമേശ്വരൻ ഞങ്ങൾക്ക് കല്ല്യാണകാരിയാവട്ടെ. സദാസത്യവും ന്യായവും ചെയ്യുന്ന പരമേശ്വരൻ ഞങ്ങൾക്ക് കല്ല്യാണകാരിയാവട്ടെ. അഖിലൈശ്വര്യയുക്തനായ ഇന്ദ്രനും ഏറ്റവും വലിയതും ആകാശാദി ബ്രഹ്മാണ്ഡങ്ങളെ പരിപാലിക്കുന്ന സ്വാമിയും ചരാചര വ്യാപകനായ വിഷ്ണുവും അനന്തപരാക്രമയുക്തനായ ഉരുക്രമദേവനായ ഈശ്വരൻ ഞങ്ങൾക്ക് കല്ല്യാണകാരിയവട്ടെ.

എല്ലാവർക്കും മുകളിൽ സ്ഥിതിചെയ്യുന്നവനും ഏറ്റവും വലുതും അനന്ത ബലയുക്തനുമായ പരമാത്മാവിന് നമ്മുടെ നമസ്കാരം! അങ്ങ് തന്നെയാണ് അന്തര്യാമി രൂപത്തിലുള്ള പ്രത്യക്ഷബ്രഹ്മം, അങ്ങയെ മാത്രമാണ് പ്രത്യക്ഷബ്രഹ്മമെന്നു പറയുക. അങ്ങയുടെ വേദോക്തമായ ശരിയായ ആജ്ഞകളും ഉപദേശങ്ങളും ആചാരങ്ങളും കൈക്കൊള്ളുകയും സത്യത്തെ അംഗീകരിക്കുകയും പ്രവർത്തിയിൽ കൊണ്ടുവരികയും ചെയ്യും. എന്റെ സത്യവാക്കുകളെ രക്ഷിച്ചാലും നിശ്ചയമായും എന്റെ വാക്കുകളുടെ രക്ഷ ചെയ്താലും

അല്ലയോ പരമാത്മാവേ! ആധ്യാത്മികം, ആധി ഭൗതികം, ആധിദൈവികം എന്നീ ദു:ഖങ്ങളിൽ നിന്നും ഞങ്ങളെ മുക്തരാക്കി ശാന്തി പ്രദാനം ചെയ്താലും

അഥ ശബ്ദം അധികാരത്തെ അഥവാ ആരംഭത്തെ സൂചിപ്പിക്കുന്നതാണ്. ഈ ശബ്ദത്താൽ യോഗാനുശാസനം എന്ന ശാസ്ത്രം ആരംഭിക്കുന്നു എന്നറിയണം. യോഗാനുശാസനം= യോഗത്തിന്റെ സ്വരൂപത്തെ (ലക്ഷണം, ഭേദം, ഉപായം, ഫലം)ക്കുറിച്ചുപറയുന്ന ശാസ്ത്രത്തിന്റെ ഉപദേശം നൽകലാണ്.

**(തുടരും)**

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 2 — പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം

**പ**ത്തൊമ്പതിനായിരം ശ്ലോകങ്ങൾ ഉണ്ടായിരുന്നതായി പറയുന്ന ഈ പുരാണത്തിൽ ഇപ്പോൾ ഏഴായിരം ശ്ലോകങ്ങളെ ലഭ്യമുള്ളു.

ഈ പുരാണത്തിലെ ആയുർവ്വേദ വിഭാഗത്തിൽ അർശസ്, അതിസാരം, പ്രമേഹം, പാണ്ഡ്, കുഷ്ഠം, സ്ത്രീരോഗങ്ങൾ എന്നിവക്കുള്ള ചികിത്സാവിധികളും പറയുന്നുണ്ട്.

### 18. ബ്രഹ്മാണ്ഡ പുരാണം

ബ്രഹ്മാണ്ഡത്തിന്റെ വർണ്ണന ഉള്ളതിനാൽ ഈ പുരാണത്തിന് ബ്രഹ്മാണ്ഡപുരാണമെന്ന പേര് ലഭിച്ചു. പന്ത്രണ്ടായിരം ശ്ലോകങ്ങളുള്ള ഈ പുരാണത്തെ പൂർവ്വം, മദ്ധ്യമം, ഉത്തരം എന്നിങ്ങനെ മൂന്നുഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

ഇതിന്റെ പൂർവ്വഭാഗത്ത് നൈമിഷാരണ്യോപാഖ്യാനം, ഹിരണ്യഗർഭ പ്രാദുർഭാവം, ദക്ഷന്റെയും ശിവന്റെയും പരസ്പര ശാപവൃത്താന്തം, ഖഗോള വർണ്ണന, സൂര്യാദി നക്ഷത്ര-ഗ്രഹ ഗോളങ്ങളുടെ വിവരണം, സമുദ്രമഥനം തുടങ്ങിയ വിവിധ വിഷയങ്ങൾ വിവരിക്കുന്നു.

മധ്യമ ഭാഗത്ത് ശ്രാദ്ധസംബന്ധിയായ വിഷയങ്ങൾ, പരശുരാമചരിത്രം, സഗരരാജാവിന്റെ വംശ പരമ്പര, ഭഗീരഥൻ ഗംഗയെ കൊണ്ടുവന്ന കഥ, ചാന്ദ്രവംശ രാജാക്കന്മാരുടെ ഉത്തരചരിത്രാഖ്യാനം എന്നിവ കാണാം.

ഉത്തരഭാഗത്ത് ഭാവി മന്വന്തരങ്ങളുടെ വിവേചനം, രാജരാജേശ്വരി ഭഗവതിയായ ത്രിപുരസുന്ദരിയുടെ ആഖ്യാനം. ഇത് ലളിതോപാഖ്യാനം എന്ന പേരിൽ പ്രസിദ്ധമാണ്.

അദ്ധ്യാത്മരാമായണത്തിലെ ഏതാനും ഭാഗങ്ങൾ പരശുരാമാവതാരം എന്നിവയും ഈ പുരാണത്തിൽ വർണ്ണിക്കുന്നുന്നുണ്ട്.

18 പുരാണങ്ങളെക്കുറിച്ച് സംക്ഷിപ്തമായി വിവരിച്ചു കഴിഞ്ഞു. പുരാണങ്ങളുടെ പട്ടികയിൽ ഐകരൂപ്യം കാണുന്നില്ല. വിവിധ പുരാണങ്ങളിൽ വിവരിക്കുന്ന 18 പുരാണങ്ങളുടെ പട്ടിക വ്യത്യസ്തമാണ്. വായുപുരാണത്തിലെ പതിനെട്ട് പുരാണങ്ങളുടെ പട്ടികയിൽ ലിംഗ, വിഷ്ണു, അഗ്നിപുരാണങ്ങൾ ഇല്ല. ചില പുരാണങ്ങളിൽ ശിവപുരാണത്തിന്റെ സ്ഥാനത്ത് വായുപുരാണമാണ് കാണുന്നത്. വായുപുരാണവും ബ്രഹ്മാണ്ഡപുരാണവും ഒന്നാണെന്നും ഒരു പക്ഷമുണ്ട്.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

**അമർസ്വാമി സരസ്വതി**
**തർജ്ജമ: കെ.എം.രാജൻ**

**ഇ**ന്ദ്രൻ അവരോടൊപ്പം പോയി. ഹിമാലയത്തിന്റെ ദുർഗ്ഗമമായ ഉയർന്ന ശിഖരത്തിൽ എത്തിയപ്പോൾ ഇന്ദ്രൻ കണ്ടത് സുന്ദരനായ ഒരു യുവാവ് ഈ പരമ സുന്ദരിയായ യുവതിയുമായി രമിക്കുന്നതാണ്. ആ യുവാവ് കാമക്രീഡയിൽ നിമഗ്നനായിരുന്നതിനാൽ തന്റെ അടുത്ത് വേറൊരാൾ എത്തിയത് അിറഞ്ഞില്ല. അപ്പോൾ ഇന്ദ്രൻ ക്രുദ്ധനായി പറഞ്ഞു. നിനക്കറിയാമോ ഞാൻ ആരാണെന്ന്? ഈ രാജ്യങ്ങളെല്ലാം എന്റെ അധീനതയിലാണ്. എന്നാൽ ഇന്ദ്രന്റെ ഈ വാക്കുകൾ കേട്ട ആ ദേവപുരുഷൻ ചിരിച്ചുകൊണ്ട് ഇന്ദ്രനു നേരെ കണ്ണുയർത്തിനോക്കി. അദ്ദേഹത്തിന്റെ ദൃഷ്ടിപതിഞ്ഞതും ഇന്ദ്രന്റെ ശരീരം വിറകുപോലെയായി.

അന്നത്തെ കാമക്രീഡ കഴിഞ്ഞപ്പോൾ ആ ദേവ പുരുഷൻ കരഞ്ഞുകൊണ്ടിരുന്ന യുവതിയോട് ഈ ഇന്ദ്രനെ താൻ താമസിക്കുന്നിടത്തേയ്ക്ക് കൊണ്ടുവരാൻ പറഞ്ഞു. ആ യുവതി ഇന്ദ്രനെ സ്പർശിച്ചപ്പോൾ ഇന്ദ്രന്റെ അംഗങ്ങളെല്ലാം അയഞ്ഞ് അയാൾ നിലത്തു വീണു. അപ്പോൾ തേജസ്വിയായ ആ രുദ്രൻ ഇങ്ങനെ പറഞ്ഞു. അല്ലയോ ഇന്ദ്രാ! ഇത്തരത്തിലുള്ള അഹങ്കാരം ഒരിക്കലും കാണിക്കരുത്. നീ ബലവാനായതിനാൽ ഈ ഗുഹക്കു പുറത്തുള്ള പാറക്കല്ല് എടുത്തു മാറ്റി അകത്തേക്ക് പോയി നോക്കിയാലും. നിന്നേപ്പോലുള്ള നാല് ഇന്ദ്രന്മാർ അവിടെ തടവിൽ കിടക്കുന്നുണ്ട്. ഇന്ദ്രൻ അകത്ത് ചെന്ന് നോക്കിയപ്പോൾ അവിടെ നാലിന്ദ്രന്മാരെ കണ്ടു. അപ്പോൾ മഹാദേവൻ പറഞ്ഞു നിങ്ങളഞ്ചുപേരും ഭൂമിയിൽ പോയി മനുഷ്യരായി ജനിക്കുക ഈ സ്വർഗ്ഗത്തിലെ ലക്ഷ്മിയുമായി നിങ്ങളഞ്ചു പേരുടേയും വിവാഹം നടക്കും.

വ്യാസൻ പറഞ്ഞു അല്ലയോ ദ്രുപദരാജാവേ! ഈ ദ്രൗപദി സ്വർഗ്ഗത്തിലുണ്ടായിരുന്ന ആ ലക്ഷ്മിയാണ്. അവരാണ് ഗംഗാ തീരത്തിൽനിന്ന് കരഞ്ഞുകൊണ്ടിരുന്നത്. അവളുടെ കണ്ണുനീരാണ് ഗംഗാതലത്തിൽ വീഴുമ്പോൾ താമര പൂക്കളായി തീർന്നിരുന്നത്. ഗുഹയിലെ അഞ്ച് ഇന്ദ്രന്മാർ ഈ പഞ്ചപാണ്ഡവന്മാരാണ്. ആ ഇന്ദ്രന്മാരുടെ പേരുകൾ ഇപ്രകാരമായിരുന്നു. 1. വിശ്വഭൂതി, 2. ഭൂതധാമ, 3. ശിവി, 4. ശാന്തി, 5. തേജസ്വി

ഈ കെട്ടുകഥക്കൊപ്പം മറ്റൊരു കള്ളക്കഥയും വ്യാസൻ പറയുന്നതായി മഹാഭാരതം ആദിപർവ്വം 193-ാം അദ്ധ്യായത്തിൽ 37 മുതൽ 43 വരെയുള്ള ശ്ലോകങ്ങളിൽ വർണ്ണിക്കുന്നുണ്ട്.

**(തുടരും)**

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം -5



"**എ**ന്താ, ഇതു കണ്ട് അന്തം വിട്ടോ? സാരല്ല്യ, ഇവർ വ്യഭിചാരത്തൊഴിലാളികളാണ്. സർക്കാരിന്റെ ലൈസൻസോടെ ഫ്രാൻസ്, ഇംഗ്ലണ്ട് തുടങ്ങിയ പാശ്ചാത്യ രാജ്യങ്ങളിൽ ഒരു തൊഴിലെന്ന രൂപത്തിൽ ഇത് നടത്തുന്നുവെന്ന പത്രവാർത്തകൾ ഉണ്ട്. അതുപോലെയാണിവരും. അങ്ങോട്ട് ശ്രദ്ധിക്കേണ്ട. ശ്രദ്ധിച്ചാൽ വിഷമമാണ്. നമുക്ക് അടുത്ത സ്റ്റോപ്പിലിറങ്ങാറായി വിഥൽഭായി പട്ടേൽ റോഡ്. ഇപ്പോൾ അതിനെപ്പറ്റിയൊന്നും ആലോചിക്കേണ്ട. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ആവാം." ഇാമകൃഷ്ണൻ പാച്ചനെ ഓർമ്മിപ്പിച്ചു.

പാച്ചൻ സ്വപ്നത്തിൽ നിന്ന് ജാഗ്രത്തിലേക്ക് മടങ്ങി. അപ്പോഴേക്കും ട്രാം രാമകൃഷ്ണൻ പറഞ്ഞ സ്റ്റോപ്പിലെത്തി അവർ അവിടെ ഇറങ്ങി. മുന്നിലുള്ള ബോർഡ് നോക്കി. ആര്യസമാജം. ഗെയിറ്റ് തുറന്ന് അകത്തുകയറി.

"ആരാണ്? വരൂ. എന്തുവേണം?" വാച്ച്മാൻ ആരാഞ്ഞു.

"ഞങ്ങൾ മാട്ടുംഗയിൽ നിന്നു വരുന്നു. ഇവിടുത്തെ പ്രിൻസിപ്പൽ പ്രകാശ് ചോപ്രാജിയെ കാണാൻ വന്നതാണ്. അദ്ദേഹമിവിടെയില്ലേ?" രാമകൃഷ്ണൻ ഹിന്ദിയിൽ പരിചയപ്പെടുത്തി.

"താങ്കളിപ്പോൾ ഏതു മേഖലയിലാണ്? ഇപ്പോൾ വന്നതിന്റെ ഉദ്ദേശ്യം? കാരണമില്ലാതെ കാര്യമുണ്ടാവില്ലാല്ലോ? പറയൂ.. എന്താ സംഗതി? അങ്ങയെ കാണാൻ കഴിഞ്ഞതിൽ ഞാനതീവ സന്തുഷ്ടനാണ്" ചോപ്രാജി പ്രസന്ന വദനനായി രാമകൃഷ്ണന്റെ അടുത്തിരിക്കുന്ന അപരിചിതനാരെന്ന് കണ്ണുകൊണ്ടാരാഞ്ഞു.

"ഇദ്ദേഹം എന്റെ ജ്യേഷ്ഠന്റെ ശിഷ്യൻമാരിലൊരാളാണ്, യാദൃശ്ചികമായി മാട്ടുംഗയിൽവെച്ച് പരിചയപ്പെട്ടു. അൽപ്പനേരത്തെ മുഖാമുഖം കൊണ്ടുതന്നെ ആശയപ്പൊരുത്തം ഞങ്ങളെ ആത്മാർത്ഥ മിത്രങ്ങളാക്കി. ഇദ്ദേഹത്തിനു ഭാരതീയ സംസ്കൃതിയിൽ ഔന്നത്യം നേടണമെന്നുണ്ട്. അതിനു വല്ലവഴിയും അങ്ങേക്കുപദേശിക്കാനുണ്ടോയെന്നറിയാൻ വന്നതാണ്." രാമകൃഷ്ണൻ വരവിന്റെ ഉദ്ദേശ്യം വ്യക്തമാക്കി.

**(തുടരും)**

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***